"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018 , 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി വിഭാവനം ചെയ്ത മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 961.264 കോടി രൂപ അനുവദിച്ചുകൊണ്ടും മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.1683/2020/റവ. തീയതി,തിരുവനന്തപുരം, 04/05/2020

പരാമർശം:- 09.01.2020ലെ സ.ഉ (കൈ) നം.13/2020/ ത.സ്വ.ഭ.വ

ഉത്തരവ്

2018,2019 കാലയളവിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ( Chief Minister 's Local Roads Rebuild Project ) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് പരാമർശം പ്രകാരം ഉത്തരവാകുകയുണ്ടായി. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക്(Chief Minister's Local Roads Rebuild Project) 961.264 കോടി രൂപ(തൊള്ളായിരത്തി അറുപത്തിയൊന്ന് കോടി ഇരുപത്തിയാറ് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) , പൂർത്തീകരിച്ച പ്രവൃത്തികളുടെ പ്രപ്പോസലുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഘട്ടം ഘട്ടം ആയി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതാണ്. അപ്രകാരം തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് റോഡ് പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസലുകൾ ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണവകുപ്പ് പരിശോധിച്ച് റവന്യൂ വകുപ്പിന് നൽകുന്നതാണ്.

2 . തദ്ദേശസ്വയംഭരണവകുപ്പ് നൽകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച്, പുനരുദ്ധാരണം നടത്തിയ റോഡിന്റെ വിവരങ്ങൾ, തുക അനുവദിക്കേണ്ടുന്ന ചീഫ് എഞ്ചിനീയറുടെ അക്കൗണ്ട് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ആവശ്യമായ തുക അനുവദിച്ച് ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

3 . മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പിൽ നിന്നും തുക, ഇതിലേക്കായി ആരംഭിക്കുന്ന S T S B അക്കൗണ്ടിൽ ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് നൽകുന്നതാണ്.

4. ഇതിനായി ചീഫ് എഞ്ചിനീയറുടെ പേരിൽ ഒരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്വീകരിച്ച് ശിപാർശ ധനകാര്യ വകുപ്പിന് നൽകുന്നതാണ്.

5. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചീഫ് എഞ്ചിനീയർക്ക് അനുവദിക്കുന്ന തുക end beneficiary യുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്ന വിധത്തിൽ S T S B അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ചീഫ് എൻജിനീയർ സ്വീകരിക്കുന്നതാണ്.

6. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് തുക ട്രാൻസ്ഫർ ചെയ്യുന്ന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായം ബന്ധപ്പെട്ട ട്രഷറി നൽകുന്നതാണ്.

7. അനുവദിച്ച് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് റവന്യൂ വകുപ്പ് 3 മാസത്തിലൊരിക്കൽ അവലോകനം നടത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

ചീഫ് സെക്രട്ടറി

പകർപ്പ്

ചീഫ് എഞ്ചിനീയർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ , ട്രഷറി വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറി സ്പെഷ്യൽ സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

തദ്ദേശ സ്വയംഭരണ (F.M) വകുപ്പ്

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Bindumol K.N

സെക്ഷൻ ഓഫീസർ